# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4025** **18.10.2011- ൽ മറുപടിനൽകേണ്ടത്.**

### ഭൂനികുതി അടയ്ക്കാൻ സാധിക്കാത്ത സാഹചര്യം

| **ചോദ്യം**<br>ശ്രീ.റ്റി.എ. അഹമ്മദ് കബീർ | **മറുപടി**<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>റവന്യൂ വകുപ്പുമന്ത്രി |
|---|---|
| (എ) മങ്കട മണ്ഡലത്തിലെ, കൂട്ടിലങ്ങാടി വില്ലേജിൽപ്പെട്ട കാരാട്ട്പറമ്പ് നിവാസികൾക്ക് ഭൂനികുതി അടയ്ക്കാൻ സാധിക്കാത്തത് കാരണം കാർഷിക ലോണുകൾ ലഭിക്കാത്തതടക്കം നിരവധി ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) പരാതികൾ ഏറനാട് TLB ചെയർമാന് ലഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ അവർക്ക് ഭൂനികുതി അടയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) ഏറനാട് TLB യുടെ കീഴിലുള്ള CR-106/78-ാം നമ്പർ മിച്ചഭൂമി കേസിൽപ്പെട്ട ഭൂമികളിലാണ് നികുതി സ്വീകരിക്കാതിരുന്നത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ CRP 314/07, WP(C) 29911/09 എന്നീ കേസുകളിലെ വിധിയിൽ ഉത്തരവായിട്ടുള്ള വിജിലൻസ് അന്വേഷണം പൂർത്തിയായതിനുശേഷം കേരളാ ഭൂപരിഷ്ക്കരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ